പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4344      04/02/2014 – ൽ മറുപടിയ്ക്ക്

## കൊല്ലം ജില്ലയിലെ സമഗ്രവിദ്യാഭ്യാസ പദ്ധതി

### ചോദ്യം

ശ്രീമതി. പി. അയിഷാ പോറ്റി

(എ) കൊല്ലം ജില്ലയിലെ ഏതെല്ലാം മണ്ഡലങ്ങളിലാണ് സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്നത്; മണ്ഡലങ്ങളിലെ ഏതെല്ലാം സ്കൂളുകളിൽ ഇവ സംബന്ധിച്ച പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ സ്കൂളിലും നടക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ജില്ലിയിൽ നാളിതുവരെ എത്ര തുക ചിലവഴിച്ചു; വിശദമാക്കാമോ?

### ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസവകുപ്പ് മന്ത്രി)

(എ) (ബി) & (സി) കൊല്ലം ജില്ലയിലെ പത്തനാപുരം, ചാത്തന്നൂർ എന്നീ നിയോജക മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മേൽ നിയോജക മണ്ഡലങ്ങളിലെ എല്ലാ സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ ഒന്നാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ പഠനത്തിൽ ഗുണപരമായ മേന്മ ഉറപ്പാക്കുകയാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. എം.എൽ.എ. മാരുടെ വികസനഫണ്ട്, ആർ.എം.എസ്.എ., എസ്.എസ്.എ. ഫണ്ട്, സ്പോൺസർ ഷിപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം, സന്നദ്ധ സംഘടനകൾ എന്നീ ധനസ്രോതസ്സുകൾ വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതികൾക്കായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. സമഗ്ര

വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ ഏജൻസികൾ ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ തയ്യാറാക്കിവരുന്നു. പത്തനാപുരം നിയോജകമണ്ഡലത്തിൽ സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ ആശയരൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ എന്നിവ നടന്നുകഴിഞ്ഞു. ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ സമഗ്രവിദ്യാഭ്യാസ 'പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

Sreedevi

സെക്ഷൻ ഓഫീസർ